29പ1 / 18/2/21

**GOVERNMENT OF KERALA**

**Abstract**

Law Department- Sanctioning of fee in batch matters by fixing fee to a maximum of 25 cases for Standing Counsels appearing on behalf of the State before the Hon'ble Supreme Court by amending item No.3 mentioned in G.O.(Ms) 76/19/Law dated 26-09-2019- Orders issued

**LAW (INSPECTION) DEPARTMENT**

G.O (Ms) No.23/2021/Law. Dated, Thiruvananthapuram, 16/02/2021.

Read:- 1. G.O.(P) No.11/1978/Law dated 25/01/1978.
2. G.O.(Ms.) No.76/2019/Law dated 26/09/2019.
3. Letter No.SS 40/2016/AG dated 15/10/2020 of the Advocate General.

**ORDER**

As per Government Order read as 2nd above, fees has been fixed for appearance in one case alone to the Standing Counsel, Panel Counsel and Senior Advocates irrespective of the number of Criminal Appeals/ Special Leave Petitions or any other Appeals.

The Advocate General vide letter read as 3rd paper above has requested to the Government to reconsider the said decision and to sanction fee for maximum of 25 cases in batch cases by considering the fact that the Standing Counsel of the Supreme Court has to expend more than one lakh per month to Junior Advocates, office staff, office rent and other allied expenses. Further they have not been provided with supportive staff or office facilities as in the case of other Government Pleaders and the expenditure regarding salary, rent and allied expenses in Delhi are higher than in any other part of the country.

Government have examined the matter in detail and are pleased to accord sanction of fees for a maximum of 25 cases in batch cases to Standing Counsels and thereby amend the item No.3 of G.O. read as 2nd paper above as follows,-

(i) the words “Standing Counsels” shall be omitted;

(ii) after the words “any other Appeal.” the following sentence shall be inserted,namely:-

“The fee for appearance to Standing Counsel in respect of batch cases are fixed to a maximum of 25 cases irrespective of the number of cases.” .

Necessary amendments to the Kerala Government Law Officers (Appointment and Conditions of Service) and Conduct of Cases Rules, 1978 will be issued separately.

The G.O. read as 2nd paper above shall stand modified to the above extent.

By Order of the Governor,

**Aravintha Babu P.K.,**
***Law Secretary.***

To

1. The Advocate General, Kerala, Ernakulam
2. The Standing Counsels, Supreme Court (thorugh Advocate General).
3. The Panel Counsels, Supreme Court (thorugh Advocate General).
4. The Resident Commissioner ,Kerala House ,Jantar Mantar Road, New Delhi-110001
5. The Accountant General, (Audit), (A&E), Thiruvananthapuram
6. The Finance Department (Vide U.O.(F) No.E 560430:EXP LA1/331/2017-FIN dated 03-06-2020).
7. The P.S. to Hon'ble Chief Minister
8. The P.S to Hon'ble Minister for Welfare of Scheduled Castes, Scheduled Tribes, Backward Classes, Law, Culture and Parliamentary Affairs.
9. The General Administration (SC) Department (vide item No.4688 dated 15-02-2021)
10. The Information Officer, Web & New Media.
11. The Law (Nodal) Department.
12. The P.A. to Law Secretary.
13. The P.A. to Special Secretary (Law).
14. The C.A to Additional Secretary, Law (Inspection) Department.
15. The Stock file/Office Copy.

*Forwarded By Order*

*Section Officer*

-33-

രഹസ്യം

# കേരള സർക്കാർ

# 20. മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 15-02-2021

ഫയൽ നം. 1611/ഇൻസ്പെ.2/2020/നിയമം. ഇനം നം: 4638

വിഷയം : നിയമ വകുപ്പ് - ബഹു.സുപ്രീംകോടതിയിൽ സംസ്ഥാന സർക്കാരിനു വേണ്ടി ഹാജരാകുന്ന സ്റ്റാൻഡിംഗ് കൗൺസിൽമാർക്ക് ബാച്ച് കേസുകളിൽ പരമാവധി 25 കേസുകളിലായി നിജപ്പെടുത്തി 26.09.2019-ലെ സ.ഉ.(എം.എസ്) നം.76/2019/നിയമം നമ്പർ ഉത്തരവിലെ ഇനം(3) ഭേദഗതി ചെയ്ത് ഫീസ് അനുവദിക്കുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി
(ശരിപ്പകർപ്പ്)

15/2/21

ഡോ. വിശ്വാസ് മേത്ത
ചീഫ് സെക്രട്ടറി

സെക്രട്ടറി, നിയമ വകുപ്പ്.

16/2/21

# കേരള സർക്കാർ

## (ശ്രീ. പിണറായി വിജയൻ മന്ത്രിസഭ)

## മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്

| | | | |
|---|---|---|---|
| 1 | ഫയൽ നമ്പർ | : | നം.16111/ഇൻസ്പെ.2/2020/നിയമം |
| 2 | വകുപ്പ് | | നിയമ (ഇൻസ്പെക്ഷൻ) വകുപ്പ് |
| 3 | വിഷയം | : | ബഹു. സുപ്രീം കോടതിയിൽ സംസ്ഥാന സർക്കാരിനു വേണ്ടി ഹാജരാകുന്ന സ്റ്റാൻഡിംഗ് കൗൺസൽമാർക്ക് ബാച്ച് കേസുകളിൽ പരമാവധി 25 കേസുകളായി നിജപ്പെടുത്തി 26-09-2019 ലെ G.O.(Ms).No.76/2019/Law നമ്പർ ഉത്തരവിലെ ഇനം (3) ഭേദഗതി ചെയ്ത് ഫീസ് അനുവദിക്കുന്നത്-സംബന്ധിച്ച് |
| 4 | മന്ത്രിസഭായോഗത്തിൽ സമർപ്പിക്കുന്നതിനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | : | 02-01-2021 |
| 5 | (i) ഇത് സാമ്പത്തിക ബാധ്യതയുള്ളതാണോ?<br>(ii) സാമ്പത്തിക ബാധ്യതയുള്ളതാണെങ്കിൽ ധനകാര്യ വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ? ഉണ്ടെങ്കിൽ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | : | അതെ<br>ഉണ്ട്<br>ഉണ്ട് |
| 6 | മറ്റ് ഏതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ? ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | : | ഇല്ല |
| 7 | കുറിപ്പ് സമർപ്പിച്ച അഡീഷണൽ സെക്രട്ടറിയുടെ പേര് | : | ശ്രീ.എൻ.ജീവൻ |
| 8 | കുറിപ്പ് അംഗീകരിച്ച സെക്രട്ടറിയുടെ പേര് | : | ശ്രീ. അരവിന്ദ ബാബു.പി.കെ |
| 9 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 25/01/2021 |
| 10 | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | : | ഡോ.വിശ്വാസ് മേത്ത |
| 11 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 11/02/2021 |
| 12 | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | : | ശ്രീ.എ.കെ.ബാലൻ |
| 13 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | : | 12/02/2021 |
| 14 | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | : | 12/02/2021 |
| 15 | മന്ത്രിസഭായോഗം തീരുമാനം എടുത്ത തീയതി | : | |
| 16 | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവിന്റെ/കത്തിന്റെ തീയതി | : | |

## മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

ബഹു. സുപ്രീം കോടതിയിൽ സംസ്ഥാന സർക്കാരിനു വേണ്ടി ഹാജരാകുന്ന സ്റ്റാൻഡിംഗ് കൗൺസൽമാർക്ക് ബാച്ച് കേസുകളിൽ ഫീസ് അനുവദിക്കുന്നത് സംബന്ധിച്ചുള്ളതാണ് ഈ കുറിപ്പ്.

2. ബഹു. സുപ്രീം കോടതിയിൽ ഹാജരാകുന്ന സ്റ്റാൻഡിംഗ് കൗൺസൽമാരുടെ ഫീസ് SLP യ്ക്ക് ഒരു ദിവസം ഹാജരാകുന്നതിന് 3000/- രൂപയായും Civil Appeal-ന് 2000/- രൂപയായും ഉയർത്തി 06-10-2017 ലെ G.O.(Ms).No.122/2017/Law നമ്പർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതാണ്. കണക്റ്റഡ് കേസുകളിൽ പരമാവധി 30 കേസുകൾക്കെങ്കിലും ഫീസ് നൽകണമെന്ന് സ്റ്റാൻഡിംഗ് കൗൺസൽമാർ അഭ്യർത്ഥിച്ചിരുന്നതിന്റെ അടിസ്ഥാനത്തിൽ ബാച്ച് കേസുകളിൽ 25 കേസുകളായി പരിമിതപ്പെടുത്തി ഫീസ് നൽകണമെന്ന് 02-12-2019 തീയതിയിലെ SS/40/2016/AG നമ്പർ കത്ത് പ്രകാരം അഭ്യർത്ഥിച്ചിരുന്നത് ധനകാര്യ വകുപ്പ് നിരാകരിച്ചതിനാൽ സ്റ്റാൻഡിംഗ് കൗൺസൽമാർ 09-10-2020-ൽ നിവേദനം നൽകിയതിന്റെയും ന്യൂഡൽഹിയിലെ തൊഴിൽ സാഹചര്യങ്ങളും കണക്കിലെടുത്ത് ബാച്ച് കേസുകളുടെ വിഷയത്തിൽ ഫീസ് 25 കേസുകൾക്കായി പരിമിതപ്പെടുത്തുന്നത് ഉചിതമായിരിക്കുമെന്നും ആയതിനാൽ ധനകാര്യ വകുപ്പിന്റെ മേൽ തീരുമാനം പുന: പരിശോധിക്കണമെന്നും ബഹു. അഡ്വക്കേറ്റ് ജനറൽ 15-10-2020 തീയതി ബഹു. മുഖ്യമന്ത്രിയ്ക്ക് നൽകിയ SS/40/2016/AG നമ്പർ കത്ത് പ്രകാരം വീണ്ടും അഭ്യർത്ഥിച്ചിരിക്കുന്നത്.

3. ബഹു. സുപ്രീം കോടതിയിൽ സംസ്ഥാനത്തിനു വേണ്ടി ഹാജരാകുന്ന സ്റ്റാൻഡിംഗ് കൗൺസൽമാർക്ക് ബാച്ച് കേസുകളിൽ ഫീസ് അനുവദിക്കുന്നത് സംബന്ധിച്ച് 26-09-2019 തീയതിയിലെ G.O.(Ms).No.76/2019/Law നമ്പർ ഉത്തരവ് സർക്കാർ പുറപ്പെടുവിച്ചിട്ടുള്ളതാണ്. എന്നാൽ ബഹു. അഡ്വക്കേറ്റ് ജനറലിന്റെ 02-12-2019 തീയതിയിലെ SS/40/2016/AG നമ്പർ കത്തിന്റെ അടിസ്ഥാനത്തിൽ ധനകാര്യ വകുപ്പിന്റെ അഭിപ്രായം 26364/ഇൻസ്പെ.2/2019/ നിയമം നമ്പർ ഫയലിൽ ആവശ്യപ്പെട്ടിരുന്നതും ആയതിന് 03-06-2020 തീയതിയിലെ E.560430:EXP-A1/331/2017-FIN U.O(F) പ്രകാരം താഴെ പറയുന്ന റിമാർക്സ് നൽകിയിട്ടുള്ളതാണ്;

"മന്ത്രിസഭായോഗ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ പുറപ്പെടുവിച്ചിട്ടുള്ള 26-09-2019-ലെ ഉത്തരവ് ഭേദഗതി വരുത്തേണ്ടതില്ല. ആയതിന് ബഹു. ധനമന്ത്രിയുടെ അംഗീകാരമുണ്ട്."

ആയത് ബഹു. അഡ്വക്കേറ്റ് ജനറലിനെ 13/08/2020 തീയതിയിലെ 26364/ഇൻസ്പെ.2/2020 നമ്പർ കത്ത് മുഖേന അറിയിച്ചിട്ടുണ്ട്.

4. കെ.ജി.എൽ.ഒ. ചട്ടം ഭേദഗതി നിർദ്ദേശങ്ങൾ ധനകാര്യ വകുപ്പിന്റെ അംഗീകാരത്തിനായി സമർപ്പിച്ചിരുന്നപ്പോൾ മറ്റ് നിർദ്ദേശങ്ങൾക്കൊപ്പം 22-02-2019 -ലെ ധനകാര്യ എക്സ്പെൻഡിച്ചർ-എ വകുപ്പ് താഴെ പറയുന്ന റിമാർക്സ് നൽകിയിട്ടുള്ളതാണ്;

> "നിലവിൽ ഒരു കേസുമായി ബന്ധപ്പെട്ട് അനവധി അപ്പീലുകൾ ഫയൽ ചെയ്യപ്പെടുന്ന സാഹചര്യത്തിൽ ഓരോ അപ്പീലും ഒരു കേസായി പരിഗണിച്ച് ഫീസ് അനുവദിച്ചു വരുന്നുണ്ട്. ഇത് സർക്കാരിന് വലിയ സാമ്പത്തിക നഷ്ടം വരുത്തുന്നതാകയാൽ ഈ വ്യവസ്ഥ മാറ്റി ഒരു പൊതു ഉത്തരവിനെതിരെ ഫയൽ ചെയ്യപ്പെടുന്ന എല്ലാ special leave petition-കളെയും ഒറ്റ അപ്പീൽ ആയി പരിഗണിച്ച് മാത്രമേ ഫീസ് അനുവദിക്കുകയുള്ളൂ എന്ന രീതിയിൽ KGLO ചട്ടങ്ങളിൽ ഒരു proviso കൂട്ടിച്ചേർക്കണം എന്ന നിർദ്ദേശം അംഗീകരിക്കുന്നു. പ്രസ്തുത ഭേദഗതി KGLO ചട്ടം 41(1)-നു ചുവടെ 'proviso' ആയി ചേർക്കാം എന്ന നിർദ്ദേശത്തോട് യോജിക്കുന്നു. ഇതിന് ബഹു.ധനമന്ത്രിയുടെ അംഗീകാരമുണ്ട്."

5. ആയതിന് അനുസൃതമായി ബഹു. മുഖ്യമന്ത്രിയുടെ ശിപാർശയോടു കൂടി മന്ത്രിസഭായോഗത്തിൽ പ്രസ്തുത വിഷയം തീരുമാനത്തിനായി സമർപ്പിച്ചിരുന്നു.

6. ആയത് 25-09-2019 തീയതിയിലെ മന്ത്രിസഭായോഗം ഇനം നം.3353 ആയി മറ്റ് സംഗതികൾക്കൊപ്പം കുറിപ്പിലെ നിർദ്ദേശങ്ങൾ 3,4,5 അംഗീകരിച്ച് തീരുമാനമായിട്ടുള്ളതാണ്. പ്രസ്തുത തീരുമാനത്തിന് അനുസൃതമായി പുറപ്പെടുവിച്ച 26-09-2019-ലെ G.O.(Ms.) No.76/2019/Law നമ്പർ ഉത്തരവ്

പ്രകാരം Batch Matters -ൽ ഹാജരാകുന്ന സ്റ്റാൻഡിംഗ് കൗൺസൽമാർ, പാനൽ കൗൺസൽമാർ, സീനിയർ അഡ്വക്കേറ്റ് എന്നിവർക്ക് കണക്റ്റഡ്/ബാച്ച് കേസുകളുടെ എണ്ണം കണക്കാക്കാതെ ഒരു കേസിനു മാത്രമായി ഫീസ് നിജപ്പെടുത്തിയിട്ടുള്ളതാണ്.

7. സുപ്രീം കോടതിയിലെ സ്റ്റാൻഡിംഗ് കൗൺസൽമാർക്ക് ജൂനിയർ അഡ്വക്കേറ്റ്, ഓഫീസ് സ്റ്റാഫ് എന്നിവരുടെ വേതനം, ഓഫീസ് വാടക, മറ്റ് ചെലവുകൾ തുടങ്ങിയവയ്ക്കായി പ്രതിമാസം ഒരു ലക്ഷം രൂപയിൽ കൂടുതൽ ചെലവാകുന്നുണ്ടെന്നും അവർക്ക് മറ്റ് ഗവൺമെന്റ് പ്ലീഡർക്ക് ഉള്ളതുപോലെ supportive staff -നെയോ ഓഫീസ് സൗകര്യങ്ങളോ സർക്കാർ നൽകിയിട്ടില്ല എന്നും ഡൽഹിയിലെ സാഹചര്യങ്ങളിൽ ശമ്പളം, വാടക, മറ്റ് ചെലവുകൾ രാജ്യത്തിന്റെ മറ്റ് ഭാഗങ്ങളിലേക്കാൾ ഉയർന്നതായതിനാൽ ബാച്ച് കേസുകളിൽ ഒരു കേസിനായി ഫീസ് നിജപ്പെടുത്തിയത് അവരുടെ വരുമാനത്തെ സാരമായി ബാധിക്കുന്നതാണെന്നും ആയതിനാൽ ധനകാര്യ വകുപ്പിന്റെ തീരുമാനത്തെ പുന:പരിശോധിച്ച് ബാച്ച് കേസുകളിൽ പരമാവധി 25 കേസുകൾക്കെങ്കിലും ഫീസ് നല്കണമെന്ന് അഡ്വക്കേറ്റ് ജനറൽ അഭ്യർത്ഥിച്ചിരുന്നു.

8. മേൽ സാഹചര്യത്തിൽ, അഡ്വക്കേറ്റ് ജനറൽ ആവശ്യപ്പെട്ടതു പ്രകാരം ബാച്ച് കേസുകളിൽ പരമാവധി 25 കേസുകൾക്കെങ്കിലും ഫീസ് നൽകണമെങ്കിൽ പ്രസ്തുത ഉത്തരവ് ഭേദഗതി വരുത്തേണ്ടതും ആയതിന് മന്ത്രിസഭയുടെ അംഗീകാരം ആവശ്യമുള്ളതുമാണ്. പ്രസ്തുത 26-09-2019 ലെ G.O.(Ms).No.76/2019/Law നമ്പർ ഉത്തരവിലെ ഇനം (3) ആയി പരാമർശിച്ചിട്ടുള്ള ഖണ്ഡികയിൽ നിന്ന് സുപ്രീം കോടതിയിലെ സ്റ്റാൻഡിംഗ് കൗൺസൽമാരെ ഒഴിവാക്കിക്കൊണ്ട്, അവർക്ക് ബാച്ച് കേസുകളുടെ കാര്യത്തിൽ പരമാവധി 25 കേസുകളായി നിജപ്പെടുത്തി ഫീസ് അനുവദിക്കണമെന്ന അഡ്വക്കേറ്റ് ജനറലിന്റെ ശിപാർശ മന്ത്രിസഭയുടെ പരിഗണനയ്ക്ക് വയ്ക്കാവുന്നതാണോ എന്നത് സംബന്ധിച്ച് ഉത്തരവാകുന്നതിനായി ഫയൽ ബഹു. നിയമ വകുപ്പ് മന്ത്രി മുഖേന ബഹു. മുഖ്യമന്ത്രിയ്ക്ക് ചംക്രമണം ചെയ്തപ്പോൾ ടി വിഷയം മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കുവാൻ 02-01-2021 തീയതിയിൽ ബഹു. മുഖ്യമന്ത്രി ഉത്തരവിട്ടിട്ടുള്ളതാണ്.

## തീരുമാനിക്കേണ്ട സംഗതി

26-09-2019 ലെ G.O.(Ms).No.76/2019/Law നമ്പർ ഉത്തരവിലെ ഇനം (3) ആയി പരാമർശിച്ചിട്ടുള്ള ഖണ്ഡികയിൽ നിന്ന് സുപ്രീം കോടതിയിലെ സ്റ്റാൻഡിംഗ് കൗൺസൽമാരെ ഒഴിവാക്കി, അവർക്ക് ബാച്ച് കേസുകളുടെ കാര്യത്തിൽ പരമാവധി 25 കേസുകളായി നിജപ്പെടുത്തി ഫീസ് അനുവദിക്കണമെന്ന അഡ്വക്കേറ്റ് ജനറലിന്റെ ശിപാർശ അംഗീകരിച്ച്, പ്രസ്തുത ഉത്തരവ് ഭേദഗതി ചെയ്യാവുന്നതാണോ?